©
Government of Kerala
കേരള സർക്കാർ
2013

2883/13

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram,<br>Friday<br>തിരുവനന്തപുരം,<br>വെള്ളി | 22nd February 2013<br>2013 ഫെബ്രുവരി 22<br>3rd Phalguna 1934<br>1934 ഫാൽഗുനം 3 | No.<br>നമ്പർ | 535 |

## മത്സ്യബന്ധന വകുപ്പ്

### വിജ്ഞാപനം

നമ്പർ ഡി2/20283/2012. *2013 ഫെബ്രുവരി 7.*

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റിലെ (2012-ലെ 18-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് മത്സ്യബന്ധന വകുപ്പ് മേധാവി മത്സ്യബന്ധന വകുപ്പിൽ നിന്നും നൽകേണ്ടുന്ന താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്ന സേവനങ്ങളും അവ നൽകുന്നതിനുള്ള കാലപരിധിയും ഒന്നാം അപ്പീൽ അധികാരിയും രണ്ടാം അപ്പീൽ അധികാരിയും ആരൊക്കെയാണെന്നും ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു. അതായത് :—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/927/2013/DTP.

| ക്രമ നമ്പർ | സേവന വിവരം | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി | ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ | 1-ാമത്തെ അപ്പീൽ അധികാരി | 2-ാമത്തെ അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ഫിഷറീസ് സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ | 90 ദിവസം | ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ (ഫിഷറീസ് ജോയിന്റ് ഡയറക്ടർ, സോണൽ) | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (സോണൽ) | ഫിഷറീസ് ഡയറക്ടർ |
| 2 | സഹകരണ സംഘങ്ങളുടെ ബൈലോ ഭേദഗതി | ടി | ടി | ടി | ടി |
| 3 | സമ്പാദ്യ സമാശ്വാസ പദ്ധതി | 3 ഗഡുക്കളായി നൽകുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കടലോര മേഖലയിൽ ഒന്നാമത്തെ ഗഡു ഏപ്രിൽ 30 നകവും, രണ്ടാമത്തെ ഗഡു മേയ് 31 നകവും, മൂന്നാമത്തെ ഗഡു ജൂൺ 30 നകവും, വിതരണം ചെയ്യുന്നു. ഉൾനാടൻ മേഖലയിൽ ജൂൺ 30 നകവും ജൂലൈ 31 നകവും, ഓഗസ്റ്റ് 31 നകവുമായി വിതരണം ചെയ്യുന്നു. | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ | ടി | ടി |

| | | | | | |
|---|---|---|---|---|---|
| 4 | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ·ആനുകൂല്യം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 ദിവസം | ടി | ടി | ടി |
| 5 | ഉൾനാടൻ മത്സ്യബന്ധന വലകൾക്ക് ലൈസൻസ് | അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം | ടി | ടി | ടി |
| 6 | അപകടത്തിൽപ്പെടുന്ന കടൽ മത്സ്യത്തൊഴിലാളികളുടെ ജീവൻരക്ഷാ പ്രവർത്തനങ്ങൾ | അപകടവിവരം അറിഞ്ഞയുടൻ | ടി | ടി | ടി |
| 7 | മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും | അപേക്ഷ ലഭിച്ച് 10 ദിവസത്തിനുള്ളിൽ | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ/ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ | ടി | ടി |
| 8 | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി) | | റീജിയണൽ എക്സിക്യൂട്ടീവ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | കമ്മീഷണർ, മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് | ടി |
| | (എ) അപകടമരണം (ബി) കാണാതാകൽ | 60 ദിവസം | | | |
| 9 | ശാശ്വത/പൂർണ്ണ അവശതയ്ക്കുള്ള ധനസഹായം. (മത്സ്യതൊഴിലാളി/ അനുബന്ധ തൊഴിലാളി) | ടി | ടി | ടി | ടി |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 10 | അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (മത്സ്യ തൊഴിലാളി/അനുബന്ധ തൊഴിലാളി) | 60 ദിവസം | റീജിയണൽ എക്സിക്യൂട്ടീവ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | കമ്മീഷണർ, മത്സ്യ ത്തൊഴിലാളി ക്ഷേമ നിധി ബോർഡ് | ഫിഷറീസ് ഡയറക്ടർ |
| 11 | മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 30 ദിവസത്തിനുള്ളിൽ | ടി | ടി | ടി |
| 12 | വിവാഹ ധനസഹായ പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | ടി | ടി | ടി | ടി |
| 13 | വാർദ്ധക്യകാല പെൻഷൻ പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | എല്ലാ വർഷവും നാല് ഗഡുക്കളായി നൽകുന്നു. ഫണ്ടിന്റെ ലഭ്യത യനുസരിച്ച് ഒന്നാമത്തെ ഗഡു ഏപ്രിൽ 30 നകം, രണ്ടാമത്തെ ഗഡു ജൂലൈ 30 നകം, മൂന്നാമത്തെ ഗഡു ഒക്ടോബർ 31 നകം, നാലാമത്തെ ഗഡു ജനുവരി 31 നകം. | ടി | ടി | ടി |
| 14 | മത്സ്യത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായപദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 20 ദിവസത്തിനുള്ളിൽ | ടി | ടി | ടി |
| 15 | മാരകരോഗ ചികിത്സാ പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആശുപത്രി യിൽ നിന്നും രേഖകൾ ലഭിച്ച് 15 ദിവസത്തി നുള്ളിൽ | ടി | ടി | ടി |
| 16 | കുടുംബ സംവിധാന പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) ക്കുള്ള സഹായം | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 30 ദിവസത്തിനുള്ളിൽ | ടി | ടി | ടി |
| 17 | പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | ടി | ടി | ടി | ടി |
| 18 | എസ്.എസ്.എൽ.സി./ ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് (മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി) | അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം | ടി | ടി | ടി |

4

5

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 19 | മരിച്ച മത്സ്യത്തൊഴിലാളിയുടെ ഭാര്യക്ക് പെൻഷൻ നൽകുന്ന പദ്ധതി (മത്സ്യത്തൊഴിലാളി) | എല്ലാ വർഷവും നാല് ഗഡുക്കളായി നൽകുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒന്നാമത്തെ ഗഡു ഏപ്രിൽ 30 നകം, രണ്ടാമത്തെ ഗഡു ജൂലൈ 30 നകം, മൂന്നാമത്തെ ഗഡു ഒക്ടോബർ 31 നകം, നാലാമത്തെ ഗഡു ജനുവരി 31 നകം. | റീജിയണൽ എക്സിക്യൂട്ടീവ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | കമ്മീഷണർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | ഫിഷറീസ് ഡയറക്ടർ |
| 20 | കേന്ദ്രാവിഷ്കൃത യന്ത്രവൽക്കരണ പദ്ധതി | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 ദിവസത്തിനകം | ജില്ലാഓഫീസർ, മത്സ്യഫെഡ് | മാനേജിംഗ് ഡയറക്ടർ മത്സ്യഫെഡ് | ടി |
| 21 | മത്സ്യബന്ധന വലകളിൻമേലുള്ള സബ്സിഡി | ടി | ടി | ടി | ടി |
| 22 | ബാങ്ക് വായ്പ സബ്സിഡി | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 15 ദിവസത്തിനകം | ടി | ടി | ടി |
| 23 | പലിശരഹിത വായ്പ പദ്ധതി | അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം | ടി | ടി | ടി |
| 24 | മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം | അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം | ടി | ടി | ടി |

| | | | | | |
|---|---|---|---|---|---|
| 25 | മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി<br>(എ) അപകടമരണം<br>(ബി) കാണാതാകൽ | ഇൻഷ്വറൻസ് വകുപ്പിന്റെ നിയമപ്രകാരമുള്ള അന്വേഷണങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കി മതിയായ എല്ലാ രേഖകളും ഉൾപ്പെടെ ഇൻഷ്വറൻസ് കമ്പനിക്ക് നൽകി 30 ദിവസത്തിനുള്ളിൽ സഹായം കമ്പനി അനുവദിക്കുന്നതാണ്. | ടി | ടി | ടി |
| 26 | ശാശ്വത/പൂർണ്ണ അവശതയ്ക്കുള്ള ധനസഹായം | ടി | ടി | ടി | ടി |
| 27 | ചെറുതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം | അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ | അസിസ്റ്റന്റ് നോഡൽ ഓഫീസർ, സാഫ് | എക്സിക്യൂട്ടീവ് ഡയറക്ടർ (സാഫ്) | ടി |
| 28 | തീരമൈത്രി പദ്ധതി— റിവോൾവിംഗ് ഫണ്ട് | ടി | ടി | ടി | ടി |

(ഒപ്പ്)

*മത്സ്യബന്ധന വകുപ്പ് ഡയറക്ടർ.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവനാവകാശം ആക്ടിലെ (2012-ലെ 18-ാം ആക്റ്റ്) 3-ാം വകുപ്പ് സർക്കാരിന്റെ ഓരോ വകുപ്പിനും, വകുപ്പ് മേധാവിക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഭരണഘടന സ്ഥാപനങ്ങൾക്കും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് നിശ്ചിത സമയപരിധിക്കുള്ളിൽ അവർ മുഖാന്തിരം നൽകേണ്ട സേവനങ്ങളെയും അതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥരെയും ഒന്നാം അപ്പീൽ അധികാരിയെയും രണ്ടാം അപ്പീൽ അധികാരിയെയും അതിനുള്ള സമയപരിധിയും വിജ്ഞാപനം ചെയ്യുന്നതിന് അധികാരം നൽകുന്നു. ആയതിനാൽ മത്സ്യബന്ധന വകുപ്പ് അപ്രകാരം വിജ്ഞാപനം ചെയ്യാൻ തീരുമാനിച്ചു.

ഈ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---